## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2877 — 06.11.2019 -ൽ മറുപടിക്ക്

### കരിയർ നയം

**ചോദ്യം**
ശ്രീമതി.പി.അയിഷാ പോറ്റി

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും കരിയർ ആസൂത്രണം ചെയ്യാൻ കരിയർ നയം തയ്യാർ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) & (ബി) | കരട് കരിയർ നയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.<br>മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ വിദ്യാഭ്യാസ-തൊഴിൽ സാഹചര്യമാണ് കേരളത്തിൽ നിലവിൽ ഉള്ളത്. വികസിത രാജ്യങ്ങളിലെ തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യാൻ കരിയർ ഗൈഡൻസ്, കരിയർ ഡെവലപ്പ്മെന്റ് പ്രക്രിയകൾ എന്നിവ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസ്വര രാഷ്ട്രങ്ങളിലെ കരിയർ മേഖലയുടെ പരിഷ്കരണത്തിനായി ഐ.എൽ.ഒ തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഓരോ വ്യക്തിയുടെയും സമ്പൂർണ്ണ വളർച്ചയ്ക്ക് സഹായകരമായ നിലയിലാണ് സംസ്ഥാന കരിയർ നയത്തിന്റെ കരട് വിഭാവനം ചെയ്തിട്ടുള്ളത്.<br>കരട് കരിയർ നയത്തിന്റെ വിശദാംശങ്ങളും ഇതിലൂടെ ലക്ഷ്യമിടുന്ന ഉദ്ദേശ്യങ്ങളും **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | കരട് കരിയർ നയത്തിന്റെ വിശദാംശങ്ങളും ഇതിലൂടെ ലക്ഷ്യമിടുന്ന ഉദ്ദേശ്യങ്ങളും വെളിപ്പെടുത്തുമോ ? | | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

- ഓരോ വ്യക്തിയിലും ഓരോ തരത്തിലുള്ള കഴിവുകൾ അന്തർലീനമാണ്. ഈ കഴിവുകൾ സ്വയം കണ്ടെത്താൻ വ്യക്തിയെ പ്രാവീണ്യനാക്കുകയും ജീവിതത്തിലെ നിർണ്ണായകമായ എല്ലാ പരിവർത്തനഘട്ടത്തിലും ശാസ്ത്രീയവും സമഗ്രവുമായ ഒരു കൈത്താങ്ങ് ലഭിക്കുകയും ചെയ്താൽ ജീവിതത്തിലുടനീളം സ്വയംപര്യാപ്തനാകാനും ശരിയായ വഴിയിലൂടെ മുന്നോട്ട് പോകാനും അയാൾക്ക് കഴിയും എന്നതാണ് ഈ നയം മുന്നോട്ട് വെക്കുന്ന ദാർശനികതലം. ഇപ്രകാരം പരിവർത്തനം ചെയ്യപ്പെടുന്ന വ്യക്തികൾ സുശക്തമായ കുടുംബവും സമൂഹവും രാഷ്ട്രവും നിർമ്മിക്കും.
- സംസ്ഥാനത്തിനകത്ത് നടക്കുന്ന എല്ലാവിധ കരിയർ ഡെവലപ്മെന്റ് പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും സംസ്ഥാനത്തെ കരിയർ ഗൈഡൻസ് ആവശ്യമുള്ള മുഴുവൻ വ്യക്തികൾക്കും ഗുണമേന്മയുള്ളതും കാലാനുസൃതവുമായ കരിയർ സംബന്ധമായ സേവനങ്ങൾ യഥാസമയത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് സുപ്രധാന ദൗത്യം.

**ലക്ഷ്യങ്ങൾ**

- പഠനം മുഴുമിപ്പിച്ച കേരളത്തിലെ മുഴുവൻ വ്യക്തികളെയും ഘട്ടം ഘട്ടമായി തൊഴിൽ മേഖലയിൽ എത്തിക്കുക.
- കുടുംബപശ്ചാത്തലം, പഠനനിലവാരം, താല്പര്യം മുതലായ ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് ഓരോരുത്തർക്കും അനുയോജ്യമായ ഭാവി പഠനസൗകര്യം സംബന്ധിച്ച വിവരം കരിയർ ഗൈഡൻസ് ടൂളുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ വ്യക്തികൾക്കും ഉചിതമായ സമയത്ത് ലഭ്യമാക്കും.
- യു.പി.എസ്.സി, എസ്.എസ്.സി, ഐ.ബി.പി.എസ്, ആർ.ആർ.ബി തുടങ്ങിയ കേന്ദ്ര റിക്രൂട്ട്മെന്റ് ഏജൻസികൾ നടത്തുന്ന പരീക്ഷകളിൽ കേരളത്തിലെ കുട്ടികൾക്ക് ഇപ്പോൾ കിട്ടുന്നതിനേക്കാൾ 10% കൂടുതൽ ഓരോ വർഷവും ജോലി ലഭിക്കത്തക്ക പരിശീലനം പദ്ധതികൾ ആവിഷ്കരിക്കും.
- ചില പ്രത്യേകതരം കോഴ്സുകൾക്ക് സ്വകാര്യസ്ഥാപനങ്ങൾ വൻപ്രചാരണം നൽകി വരുന്നുണ്ട്. വലിയൊരു വിഭാഗം കുട്ടികൾ ഈ കോഴ്സുകൾക്ക് ചേരുമെങ്കിലും മിക്കവർക്കും ആ മേഖലയിൽ തൊഴിൽ ലഭിക്കുന്നില്ല. വലിയൊരു തുക കുട്ടികൾക്ക് നഷ്ടമാവുകയാണ്. ഇത്തരം സ്ഥാപനങ്ങളുടെ സർട്ടിഫിക്കേഷൻ, പഠനനിലവാരം, കരിക്കുലം, അധ്യാപകരുടെ യോഗ്യത, തുടർന്നുള്ള പ്ലേസ്മെന്റ് സാധ്യതകൾ എന്നിവയെല്ലാം വിശദമായി പഠിക്കും.
- മെഡിസിനും എഞ്ചിനീയറിംഗും അല്ലാതെ നിരവധി ശാസ്ത്രീയ മാനവിക വിഷയത്തിൽ ഉന്നത നിലവാരമുള്ള ദേശീയ സ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. അവിടങ്ങളിൽ പ്രവേശനം നേടുന്ന മലയാളികളുടെ എണ്ണം വളരെ കുറവാണ്. അത്തരം സ്ഥാപനങ്ങളിലെ ആകെ സീറ്റിന്റെ 20% എങ്കിലും സംസ്ഥാനത്തെ കുട്ടികൾക്ക് ലഭിക്കാൻ കഴിയുന്ന നിലയിൽ പരിശീലന പദ്ധതികൾ ആവിഷ്കരിക്കും.
- ചില പഠനവിഷയങ്ങളിലേയ്ക്ക് കൂട്ടത്തോടെയുള്ള ഒഴുക്ക് സർക്കാർ നിരീക്ഷിക്കും. അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രചാരണം കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.
- സാമ്പത്തികനയം, ടെക്നോളജിക്കൽ ഡെവലപ്മെന്റ് എന്നിവയുടെ ഭാഗമായി തൊഴിൽ കമ്പോളത്തിൽ വരുന്ന മാറ്റങ്ങൾ മുൻകൂട്ടി അറിയാനും അതനുസരിച്ച് കോഴ്സുകൾ, പരിശീലനങ്ങൾ എന്നിവ വികസിപ്പിക്കാനുമുള്ള സംവിധാനം രൂപപ്പെടുത്തും.

- ഏതെങ്കിലും ഒന്നോ രണ്ടോ തൊഴിലുകൾ മാത്രമാണ് ഏറ്റവും ഉന്നതമായത് എന്ന നിലയിലുള്ള സമൂഹത്തിന്റെ മനോഭാവം മാറ്റിയെടുക്കാൻ പരിശ്രമിക്കും. എല്ലാ തൊഴിലും മികച്ചതാണെന്ന സന്ദേശം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ വിദ്യാർത്ഥികളിൽ രൂപപ്പെടുത്തിയെടുക്കുന്ന നിലയിലുള്ള കരിക്കുലം കരിയർ എഡ്യൂക്കേഷനുവേണ്ടി വികസിപ്പിക്കും.
- വിദ്യാലയങ്ങളിലും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും) കരിയർ സംബന്ധമായ ഏത് പ്രവർത്തനവും അത്തരം പ്രവർത്തനങ്ങൾ നടത്താൻ ചുമതലപ്പെട്ടവർ മാത്രമേ നടത്താവൂ എന്ന് ഉറപ്പ് വരുത്തും.
- പ്രവേശനപരീക്ഷയിൽ പരാജയപ്പെടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ ഗൗരവത്തോടുകൂടി പഠിക്കും.
- പരിശീലന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഏത് മേഖലയിലാണ് ഊന്നൽ നൽകേണ്ടത് എന്ന കാര്യത്തിൽ പഠനം നടത്തി സർക്കാർ നയം കൈക്കൊള്ളും.
- TACE (Teacher As Career Educator) പദ്ധതി വികസിപ്പിക്കും. കേരളത്തിലെ മുഴുവൻ അധ്യാപകർക്കും കരിയർ എജ്യുക്കേഷൻ നൽകുന്ന പദ്ധതി ആവിഷ്കരിക്കും.
- കരിയർ ഗവേഷണത്തിനും അനുബന്ധമായി സംരംഭകത്വ വികസനത്തിനും ഉതകുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമായി Research & Development വിഭാഗമായി CREDIT (CAREER RESEARCH & ENTERPREUNERSHIP DEVELOPMENT INITIATIVE) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. 2019-20 വർഷത്തെ CDC പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.
- സ്വകാര്യമേഖലയിലെ റിക്രൂട്ട്മെന്റ് രംഗത്ത് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും സഹായകരമായ നടപടികൾ കൈക്കൊള്ളും.
- സംരംഭകത്വ വികസനത്തിന്റെ പ്രാധ്യാന്യം ചെറിയ ക്ലാസ്സുകളിൽ തന്നെ കുട്ടികളെ ബോധ്യപ്പെടുത്തക്കവിധം കരിയർ എഡ്യുക്കേഷൻ പദ്ധതി വികസിപ്പിക്കും. ILO യുടെ KAB (Know About Business) പദ്ധതിയുടെ മാതൃകയിലായിരിക്കും ഇത് തയ്യാറാക്കുക.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**